"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര താലൂക്കിലെ സർവ്വേ സൂപ്രണ്ടോഫീസ് (ALC) യിലും ഹെഡ് സർവ്വേയർ നമ്പർ 2 ഓഫീസിലും ഓരോ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് യഥാക്രമം നിലവിലെ കാഷ്വൽ സ്വീപ്പർമാരായ ശ്രീമതി ബി. ശ്രീകുമാരി അമ്മയെയും ശ്രീമതി എൻ. സാനുമതിയെയും ടി തസ്തികയിൽ ക്രമവല്ക്കരിച്ച് OP(KAT) 388/2019 നമ്പർ കേസിലെ ബഹു. കേരള ഹൈക്കോടതിയുടെ 30.01.2023 ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (റ്റി) വകുപ്പ്**

സ.ഉ.(കൈ) നം.271/2023/RD തീയതി,തിരുവനന്തപുരം, 30-11-2023

---

പരാമർശം:-

1. 25.11.2005 ലെ സ.ഉ.(പി)നം.501/2005/ധന നമ്പർ സർക്കാർ ഉത്തരവ്.
2. 09.02.2010 ലെ സ.ഉ.(പി)നം.61/2010/ധന സർക്കാർ ഉത്തരവ്.
3. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 21.12.2017 ലെ OA(EKM)760/17 നമ്പർ കേസിലെ ഉത്തരവ്.
4. ബഹു. കേരള ഹൈക്കോടതിയുടെ 23.02.2022 ലെ OP(KAT) 15/2022 നമ്പർ കേസിലെ വിധിന്യായം.
5. ബഹു. കേരള ഹൈക്കോടതിയുടെ 30.01.2023 ലെ OP(KAT) 388/2019 നമ്പർ കേസിലെ വിധിന്യായം.
6. സർവ്വെയും ഭൂരേഖയും വകുപ്പ് ഡയറക്ടറുടെ 03.07.2023, 25.07.2023 എന്നീ തീയതികളിലെ DSLR/334/2018-A5 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

ശ്രീമതി ബി. ശ്രീകുമാരി അമ്മ 1991 ഡിസംബർ മാസം മുതലും ശ്രീമതി എൻ.സാനുമതി 1997 നവംബർ മാസം മുതലും യഥാക്രമം നെയ്യാറ്റിൻകര താലൂക്കിൽ സർവ്വേ സൂപ്രണ്ടോഫീസ് (ALC) യിലും ഹെഡ് സർവ്വേയർ നമ്പർ 2 ഓഫീസിലും കാഷ്വൽ സ്വീപ്പർമാരായി ജോലി ചെയ്തു വരുന്നു. (ALC) സർവ്വേ സൂപ്രണ്ടോഫീസിലെയും ഹെഡ് സർവ്വേയർ നമ്പർ 2 ഓഫീസിലെയും സ്വീപ്പിങ് ഏര്യ യഥാക്രമം 266.76 ച. മീ. ഉം 158.016 ച. മീ. ഉം ആയിരുന്നു. എന്നാൽ പ്രസ്തുത ഓഫീസുകൾ താൽക്കാലിക സംവിധാനമായതിനാൽ ടി ഓഫീസുകളിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിക്കുകയോ ടിയാൾക്കാരെ സ്ഥിരപ്പെടുത്തുകയോ ചെയ്തിരുന്നില്ലെങ്കിലും ഹർജിക്കാർക്ക് പാർട്ട് ടൈം സ്വീപ്പറുടെ വേതനം അനുവദിച്ചിരുന്നു.

2. തുടർന്ന് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി ശ്രീകുമാരി അമ്മയും ശ്രീമതി സാനുമതിയും ചേർന്ന് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ OA(EKM)760/17 നമ്പർ കേസ് ഫയൽ ചെയ്തു. പ്രസ്തുത കേസിലെ പരാമർശം (3) ലെ ഉത്തരവിൽ, അപേക്ഷകർ പരാമർശം (1) ഉത്തരവ് പ്രകാരം

സ്ഥിരപ്പെടുത്തലിന് അർഹരാണെന്ന് നിരീക്ഷിച്ചുകൊണ്ട് ബഹു. ട്രൈബ്യൂണൽ, ഉത്തരവ് കിട്ടി രണ്ടാഴ്ചയ്ക്കകം ബന്ധപ്പെട്ട ഓഫീസുകളിൽ നിന്നും പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിക്കുന്നതിനും അപേക്ഷകരെ സ്ഥിരപ്പെടുത്തുന്നതിനുമുള്ള പ്രൊപ്പോസൽ സ്വീപ്പിങ് ഏര്യ സർട്ടിഫിക്കറ്റ് സഹിതം ലഭ്യമാക്കുവാനും പ്രസ്തുത പ്രൊപ്പോസലുകൾ ലഭ്യമായി ഒരു മാസത്തിനകം ഡയറക്ടറുടെ ശിപാർശയോടെ സർക്കാരിലേയ്ക്ക് അയയ്ക്കുവാൻ സർവ്വേ ഡയറക്ടർക്കും, ടി പ്രൊപ്പോസൽ കിട്ടി രണ്ട് മാസത്തിനകം വിധിന്യായത്തിലെ നിർദ്ദേശാനുസരണം ഉത്തരവ് പുറപ്പെടുവിക്കുവാൻ സർക്കാരിനും നിർദ്ദേശം നൽകിയിരുന്നു. എന്നാൽ പരാമർശം (2) പ്രകാരം താൽക്കാലിക സംവിധാനങ്ങളിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിക്കരുതെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ ബഹു. ട്രൈബ്യൂണലിന്റെ പരാമർശം (3) ഉത്തരവിനെതിരെ സർക്കാർ ബഹു. ഹൈക്കോടതി മുമ്പാകെ 388/19 നമ്പർ OP(KAT) ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത അപ്പീൽ, 30.01.2023 ന് പരിഗണിച്ച ബഹു. ഹൈക്കോടതി, ഈ വിഷയം O.P.(KAT)15/2022 നമ്പർ കേസിൽ ബഹു. ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് പരിശോധിച്ചിട്ടുണ്ടെന്നും പ്രസ്തുത കേസിലെ പരാമർശം (4) വിധിന്യായത്തിലെ കണ്ടെത്തലുകൾ ഈ കേസിലും ബാധകമാക്കേണ്ടതാണെന്നും നിരീക്ഷിച്ചുകൊണ്ട് 388/19 നമ്പർ അപ്പീൽ പരാമർശം (5) പ്രകാരം തള്ളുകയുണ്ടായി.

3. പരാമർശം (1), (2) സർക്കാർ ഉത്തരവുകളുടെയും ബഹു. ഹൈക്കോടതിയുടെ പരാമർശം (4), (5) വിധിന്യായങ്ങളുടെയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വാടക കെട്ടിടത്തിൽ/താല്ക്കാലിക സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന ഓഫീസുകളിൽ ജോലി ചെയ്യുന്ന കാഷ്വൽ സ്വീപ്പർമാർക്ക് ക്രമവൽക്കരണത്തിന് അർഹതയില്ലെന്ന വാദം O.P.(KAT)421/2019 നമ്പർ കേസിലെ 15.01.2020 ലെ വിധിന്യായം പ്രകാരം ബഹു. ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് നിരാകരിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയാണ് O.P.(KAT)15/2022 നമ്പർ അപ്പീൽ പരാമർശം (4) വിധിന്യായം പ്രകാരം ടി കേസിലെ കാഷ്വൽ സ്വീപ്പർക്ക് അനുകൂലമായി വിധിച്ചിരുന്നത്. ആയതിനാൽ നെയ്യാറ്റിൻകര സർവ്വേ സൂപ്രണ്ടോഫീസ് (ALC) യിലും നെയ്യാറ്റിൻകര ഹെഡ് സർവ്വേയർ നമ്പർ 2 ഓഫീസിലും ഓരോ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ഹർജിക്കാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നിർദ്ദിഷ്ട മാതൃകയിലുള്ള പ്രൊപ്പോസൽ, സ്വീപ്പിങ് ഏര്യ സർട്ടിഫിക്കറ്റ് എന്നിവ പരാമർശം (6) പ്രകാരം സർവ്വേ ഡയറക്ടർ ലഭ്യമാക്കുകയുണ്ടായി.

4. മേൽ സാഹചര്യത്തിൽ, തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര താലൂക്കിലെ സർവ്വേ സൂപ്രണ്ടോഫീസ് (ALC) യിലും, ഹെഡ് സർവ്വേയർ നമ്പർ 2 ഓഫീസിലും ഓരോ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് യഥാക്രമം നിലവിലെ കാഷ്വൽ സ്വീപ്പർമാരായ ശ്രീമതി ബി. ശ്രീകുമാരി അമ്മയെയും ശ്രീമതി എൻ. സാനുമതിയെയും 18.06.2001 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തിയും തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

5. ബഹു. കേരള ഹൈക്കോടതിയുടെ പരാമർശം (5) വിധിന്യായത്തിലെ നിർദ്ദേശം ഇപ്രകാരം നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ടിങ്കു ബിസ്വാൾ

പ്രിൻസിപ്പൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം/തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം).

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം.

ഡയറക്ടർ, സർവ്വേയും ഭൂരേഖയും വകുപ്പ്, തിരുവനന്തപുരം.

ജില്ലാ കളക്ടർ, തിരുവനന്തപുരം.

ശ്രീമതി ബി.ശ്രീകുമാരി അമ്മ, കാഷ്വൽ സ്വീപ്പർ, സർവ്വേ സൂപ്രണ്ടോഫീസ് (ALC), നെയ്യാറ്റിൻകര, തിരുവനന്തപുരം. (സർവ്വേ ഡയറക്ടർ മുഖേന)

ശ്രീമതി എൻ.സാനുമതി, കാഷ്വൽ സ്വീപ്പർ, ഹെഡ് സർവ്വേയർ നമ്പർ 2, നെയ്യാറ്റിൻകര, തിരുവനന്തപുരം.. (സർവ്വേ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (19.05.2023 ലെ 851448/EXP-C2/32/2018-FIN നമ്പർ റിമാർക്സ് പ്രകാരം)

നിയമ വകുപ്പ് (11.09.2023 ലെ OPN-G2/147/2023-LAW നമ്പർ റിമാർക്സ് പ്രകാരം)

പൊതു ഭരണ (എസ്.സി) വകുപ്പ്. (28.11.2023 ലെ 1895-ാം നമ്പർ ഇനം പ്രകാരം)

വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്-സൈറ്റിൽ പ്രസിദ്ധീകരണത്തിനായി)

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്. (REV-T1/152/2017-REV)

ഉത്തരവിൻ പ്രകാരം

Signed by
Sindhu Beegum M S
Date: 30-11-2023 18:33:03

സെക്ഷൻ ഓഫീസർ

പകർപ്പ്:-

ബഹു. മുഖ്യമന്ത്രിയുടെ പി. എസ്. -ന്

ബഹു. റവന്യൂ മന്ത്രിയുടെ പി. എസ്. -ന്.

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 28-11-2023

ഫയൽ നം.റവ-റ്റി1/51/2023-റവ.

ഇനം നം: 189

വിഷയം : റവന്യൂ വകുപ്പ് - ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലെ OA(EKM) 1808/2022 നമ്പർ കേസിലെ 06.12.2022-ലെ ഉത്തരവിന്റെ അ സ്ഥാനത്തിൽ വയനാട് ജില്ലയിൽ തോമാട്ടുചാൽ വില്ലേജ് ഓഫീസിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി അയിഷ കെ.എസ്.-നെ ടി വില്ലേജ് ഓഫ സിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് 05.09.2016 തീയതി പ്രാബല്യത്തിൽ ക്രമവൽക്കരിച്ച് തദനുസൃതമായ ആനുകൂല്യങ്ങ അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

28/11

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്

28/11

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | റവ-റ്റി1/51/2023-റവ. |
| 2. | വകുപ്പ് | റവന്യൂ (റ്റി) വകുപ്പ് |
| 3. | വിഷയം | ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ O.A.(EKM) 1808/2022 നമ്പർ കേസിലെ 06.12.2022 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വയനാട് ജില്ലയിൽ തോമാട്ടുചാൽ വില്ലേജ് ഓഫീസിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി അയിഷ കെ.എസ്. നെ ടി വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് 05.09.2016 തീയതി പ്രാബല്യത്തിൽ ക്രമവൽക്കരിച്ച് തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിക്കുന്നത് - സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 24.10.2023 |
| 5. | (i) ഇത് സാമ്പത്തികബാധ്യതയുള്ളതാണോ? | അതെ |
| | (ii) സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | ഉണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്., നിയമ വകുപ്പ് |
| 7. | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | ശ്രീ. റോയിച്ചൻ തോമസ് |
| 8. | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീമതി ടിങ്കു ബിസ്വാൾ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 10.11.2023 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വേണു വി. |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 15.11.2023 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. കെ. രാജൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 21.11.2023 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 21.11.2023 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ O.A. (EKM) 1808/2022 നമ്പർ കേസിലെ 06.12.2022 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വയനാട് ജില്ലയിലെ തോമാട്ടുചാൽ വില്ലേജാഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് നിലവിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി അയിഷ കെ.എസ്.-നെ ടി ഓഫീസിന്റെ സ്വീപ്പിങ് ഏര്യ 100 $m^2$ അധികരിച്ച തീയതിയായ 05.09.2016 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. ശ്രീമതി അയിഷ കെ.എസ്. വയനാട് ജില്ലയിലെ തോമാട്ടുചാൽ വില്ലേജാഫീസിൽ 1995 മുതൽ കാഷ്വൽ സ്വീപ്പറായി സേവനമനുഷ്ഠിച്ച് വരുന്നു. ടി വില്ലേജ് ഓഫീസ് പ്രവർത്തിച്ചിരുന്ന കെട്ടിടത്തിന്റെ സ്വീപ്പിങ് ഏര്യ 100 ച. മീ. ൽ താഴെയായിരുന്നതിനാൽ അപേക്ഷകയെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ റഗുലറൈസ് ചെയ്തിരുന്നില്ല. എന്നാൽ ബഹു. കേരള ഹൈക്കോടതിയുടെ 2003 ഒക്ടോബർ 22 ലെ WP(C) No. 22759/2003(H) നമ്പർ കേസിലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അപേക്ഷകയ്ക്ക് പാർട്ട് ടൈം സ്വീപ്പറുടെ ശമ്പളം നൽകി വരുന്നു. 2015-ൽ പ്രസ്തുത ഓഫീസിൽ അധിക നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയതിനെ തുടർന്ന് ടി വില്ലേജ് ഓഫീസിന്റെ സ്വീപ്പിങ് ഏര്യ സുൽത്താൻബത്തേരി PWD കെട്ടിട വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ 128.64 ച.മീ. ആണെന്ന് 05.09.2016-ൽ സാക്ഷ്യപ്പെടുത്തിയിരുന്നു. ആയതിനാൽ പ്രസ്തുത ഓഫീസിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് തന്നെ സ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി അയിഷ കെ.എസ്. സർക്കാർ മുമ്പാകെ ഒരു നിവേദനം സമർപ്പിക്കുകയുണ്ടായി. കൂടാതെ ഇതേ ആവശ്യം ഉന്നയിച്ച് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ OA (EKM) 1808/2022 നമ്പർ കേസ് ഫയൽ ചെയ്തു. പ്രസ്തുത കേസിൽ ബഹു. ട്രൈബ്യൂണൽ 06.12.2022 ന് പുറപ്പെടുവിച്ച ഉത്തരവിൽ, അപേക്ഷക സർക്കാർ മുമ്പാകെ സമർപ്പിച്ച Annexure A4 നിവേദനം പരിഗണിച്ച് വിധിപ്പകർപ്പ് ലഭ്യമായ തീയതി മുതൽ മൂന്ന് മാസത്തിനകം ടിയാരിയെ നേരിൽ കേട്ട് അനക്സർ-എ 2 (25/11/2005 ലെ സ.ഉ(പി)നം.501/2005/ധന), അനക്സർ-എ 3 (09.02.2010 ലെ സ.ഉ.(പി)നം.61/2010/ധന) സർക്കാർ ഉത്തരവുകൾ കണക്കിലെടുത്ത് ടി

നിവേദനത്തിന്മേൽ നിയമാനുസൃതം ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കാൻ സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു.

3. പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അപേക്ഷകയെ വയനാട് ജില്ലാ കളക്ടറുടെയും ലാൻഡ് റവന്യൂ കമ്മീഷണറുടെയും പ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ 29.03.2023 ന് നേരിൽ കേട്ടു. 100 ച.മീ. വിസ്തീർണ്ണമുള്ള കെട്ടിടങ്ങളിൽ ജോലി ചെയ്തുവരുന്നവർക്കു സ്ഥിരപ്പെടുത്തലിന് അർഹതയുള്ളതിനാൽ താൻ അപേക്ഷ സമർപ്പിച്ചിരുന്നുവെന്നും എന്നാൽ ഇതുവരെ ആയതിൽ തീരുമാനമുണ്ടായില്ല എന്നും തന്നെ സർവ്വീസിൽ സ്ഥിരപ്പെടുത്തണമെന്നുമുള്ള Annexure A4 നിവേദനത്തിലെ ആവശ്യം ഹിയറിങ് വേളയിലും ടിയാരി ആവർത്തിച്ചു.

4. ബഹു. കേരള ഹൈക്കോടതിയുടെ 2003 ഒക്ടോബർ 22 ലെ WP(C) 22759/2003 (H) നമ്പർ ഉത്തരവ് പ്രകാരം ടിയാൾക്ക് പാർട്ട് ടൈം സ്വീപ്പർ തസ്തികയിലെ ശമ്പളം നൽകി വരുന്നുണ്ടെങ്കിലും മറ്റാനുകൂല്യങ്ങളൊന്നും നൽകി വരുന്നില്ലെന്നും 05/09/2016 മുതലാണ് തോമാട്ടുചാൽ വില്ലേജ് ഓഫീസിന്റെ സ്വീപ്പിങ് ഏര്യ 100 ച.മീ. അധികരിച്ചിട്ടുള്ളതെന്നും ഒരു മുറി, ഹാൾ, ബാത്ത് റൂം എന്നിവ പഴയ വില്ലേജ് ഓഫീസ് കെട്ടിടത്തിനോട് കൂട്ടിച്ചേർത്തതിനാലാണ് ഏര്യയിൽ ഇപ്രകാരം വർദ്ധനവ് വന്നിട്ടുള്ളതെന്നും കമ്മീഷണർ റിപ്പോർട്ട് ചെയ്തിരുന്നു. ടി വില്ലേജ് ഓഫീസിൽ അപേക്ഷകയെ സ്ഥിരപ്പെടുത്തുന്നതിലേയ്ക്കായി ടി ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ, തോമാട്ടുചാൽ വില്ലേജ് ഓഫീസിന്റെ നിലവിലെ സ്വീപ്പിങ് ഏര്യ സർട്ടിഫിക്കറ്റ് സഹിതം ലഭ്യമാക്കുകയും ചെയ്തു.

5. തുടർന്ന് തോമാട്ടുചാൽ വില്ലേജ് ഓഫീസിന്റെ സ്വീപ്പിംങ് ഏര്യ 100 ച.മീ. അധികരിച്ച 05/09/2016 തീയതി പ്രാബല്യത്തിൽ അപേക്ഷകയെ സ്ഥിരപ്പെടുത്തുന്നതിന്മേൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ ടി വകുപ്പ് ടിയാളെ ഉത്തരവ് തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തുന്നതിനാണ് അനുമതി നൽകിയത്. ആയതിനാൽ ഇക്കാര്യത്തിൽ നിയമ വകുപ്പിന്റെ അഭിപ്രായം ആരായുകയും ടി വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെടുകയും ചെയ്തു.

"25.11.2005 ലെ സ.ഉ.(പി)നം.501/2005/ധനം, 09.02.2010 ലെ സ.ഉ.(പി) നം.61/2010/ധനം എന്നീ നമ്പർ സർക്കാർ ഉത്തരവുകളും ബഹു. ഹൈക്കോടതി OP

(KAT)No.26/2019, OP(KAT)No.44 of 2021 എന്നീ കേസുകളിലായി പുറപ്പെടുവിച്ചിട്ടുള്ള വിധിന്യായങ്ങളും പരിശോധിക്കുമ്പോൾ ഒരു താൽക്കാലിക ആവശ്യത്തിനായി നിശ്ചിത സമയത്തിലേക്കായി സൃഷ്ടിച്ചിട്ടുള്ളത് ഒഴികെയുള്ള സർക്കാർ ഓഫീസുകളിൽ 25/11/2005 മുതലോ അതിനു മുൻപായോ കാഷ്വൽ സ്വീപ്പറായി സേവനമനുഷ്ഠിച്ചു വരുന്ന ജീവനക്കാർക്ക് പ്രസ്തുത ഓഫിസിലെ സ്വീപ്പിംഗ് ഏര്യ 100 ച.മീ അധികരിച്ച തിയതി മുതൽ പ്രാബല്യത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ക്രമപ്പെടുത്തലിന് അർഹതയുണ്ട് എന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു."

6. നിയമ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ OA 1808/2022 നമ്പർ കേസിലെ ബഹു. ട്രൈബ്യൂണലിന്റെ 06.12.2022 ലെ ഉത്തരവ് നടപ്പിലാക്കുന്നതിന്മേൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം വീണ്ടും ആരാഞ്ഞപ്പോൾ ടി വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് ശ്രീമതി അയിഷ കെ.എസ് ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 1808/2022 നമ്പർ കേസിന്റെ 06.12.2022 ലെ വിധിയിൽ അപേക്ഷക സർക്കാർ മുമ്പാകെ സമർപ്പിച്ച Annexure A4 നിവേദനത്തിന്മേൽ ഉത്തരവ് കിട്ടി മൂന്നു മാസത്തിനകം ടിയാരിയെ നേരിൽ കേട്ട് Annexure A2 (25/11/2005 തിയ്യതിയിലെ സ.ഉ.(പി)നം.501/2005/ധന) & A3 (09/02/2010 തിയ്യതിയിലെ സ.ഉ.(പി)നം.61/2010/ധന) ഉത്തരവുകൾ കൂടി പരിഗണിച്ച് ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കാനാണ് സർക്കാരിന് നിർദ്ദേശം നല്കിയിരിക്കുന്നത്. തോമാട്ടുചാൽ വില്ലേജ് ഓഫീസിന്റെ സ്വീപ്പിങ്ങ് ഏര്യ 100 ച. മീ. കൈവരിച്ച തിയ്യതി മുതൽ ക്രമവത്ക്കരണം നല്കണമെന്ന് കോടതി specific ആയി നിർദ്ദേശം നല്കിയിട്ടില്ല. 10/04/2018 തിയ്യതിയിലെ സ.ഉ.(പി)നം.58/2018/ധന ഉത്തരവ് അനുസരിച്ച് താല്ക്കാലിക/കാഷ്വൽ സ്വീപ്പറെ സ്ഥിരപ്പെടുത്തുമ്പോൾ പ്രസ്തുത സ്ഥിരപ്പെടുത്തലിന് ഉത്തരവ് തിയ്യതി മുതൽ മാത്രം പ്രാബല്യം നല്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ വസ്തുതകൾ കണക്കിലെടുത്ത് തോമാട്ടുചാൽ വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് 1995 മുതൽ കാഷ്വൽ സ്വീപ്പറായി ജോലിചെയ്തു വരുന്ന ശ്രീമതി അയിഷ കെ.എസ്.

നെ ടി തസ്തികയിൽ ഉത്തരവ് തിയ്യതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തണമെന്ന ധനവകുപ്പിന്റെ മുൻ അഭിപ്രായത്തിൽ തന്നെ ഉറച്ച് നിൽക്കുന്നതായി ഭരണ വകുപ്പിനെ അറിയിക്കുന്നു."

7. ശ്രീമതി അയിഷ കെ.എസ്. നെ ഉത്തരവ് തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തുന്നതിനാണ് ധനവകുപ്പ് അനുമതി നൽകിയിരിക്കുന്നത്. എന്നാൽ 25/11/2005 ലെ സ.ഉ.(പി) നം.501/2005/ധന, 09.02.2010 ലെ സ.ഉ.(പി) നം.61/2010/ധന നമ്പർ ഉത്തരവുകൾ ജീവനക്കാരന് പ്രയോജനകരമാകുന്ന തരത്തിലാണ് വ്യാഖ്യാനിക്കേണ്ടത് എന്ന് OP(KAT)No.26/2019 നമ്പർ കേസിലും സ്വീപ്പിങ് ഏര്യ അധികരിച്ച തീയതി മുതൽ ക്രമവൽക്കരണം നൽകണമെന്ന് OP(KAT)No.44/2021 നമ്പർ കേസിലും ബഹു. ഹൈക്കോടതി വിധിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത വിധിന്യായങ്ങളുടെ വെളിച്ചത്തിൽ നിരവധി സമാന കേസുകളിൽ സ്വീപ്പിങ് ഏര്യ അധികരിച്ച തീയതി പ്രാബല്യത്തിൽ കാഷ്വൽ സ്വീപ്പർമാർക്ക് ക്രമവൽക്കരണം നൽകിയിട്ടുമുണ്ട്. ഉത്തരവ് തീയതി പ്രാബല്യത്തിൽ കാഷ്വൽ സ്വീപ്പർമാർക്ക് സ്ഥിരപ്പെടുത്തൽ നൽകിയ കേസുകളിൽ കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ മുൻകാല പ്രാബല്യം അനുവദിക്കേണ്ടതായും വന്നിട്ടുണ്ട്. കൂടാതെ 2003 ഒക്ടോബർ 22 ലെ WP(C) 22759/2003 (H) നമ്പർ ഉത്തരവ് പ്രകാരം ശ്രീമതി ആയിഷ കെ. എസ്. പാർട്ട് ടൈം സ്വീപ്പറുടെ ശമ്പളം കൈപ്പറ്റി വരികയുമാണ്.

8. മേൽ സാഹചര്യത്തിൽ, OA (EKM) No. 1808/2022 നമ്പർ കേസിലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 06.12.2022 ലെ ഉത്തരവ് നടപ്പിലാക്കുന്നതിലേയ്ക്കായി ശ്രീമതി ആയിഷയെ ഉത്തരവ് തീയതി പ്രാബല്യത്തിൽ മാത്രം സ്ഥിരപ്പെടുത്തിയാൽ മതിയാകുമെന്ന ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് വയനാട് ജില്ലയിൽ തോമാട്ടുചാൽ വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് നിലവിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി അയിഷ കെ.എസ്. നെ ടി ഓഫീസിന്റെ സ്വീപ്പിങ് ഏര്യ 100 ച. മീ. അധികരിച്ച തീയതിയായ 05/09/2016 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിക്കേണ്ടതുണ്ട്.

9. ഈ വിഷയം ഉത്തരവിനായി സമർപ്പിച്ചപ്പോൾ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനമെടുക്കേണ്ട വിഷയം

വയനാട് ജില്ലയിലെ തോമാട്ടുചാൽ വില്ലേജ് ഓഫീസിൽ കാഷ്വൽ സ്വീപ്പറായ ശ്രീമതി അയിഷ കെ.എസ്. നെ ഉത്തരവ് തീയതി പ്രാബല്യത്തിൽ മാത്രം സ്ഥിരപ്പെടുത്തിയാൽ മതിയാകുമെന്ന ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന്, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 06.12.2022 ലെ OA (EKM) No. 1808/2022 നമ്പർ കേസിലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച്, ടിയാളെ ടി ഓഫീസിന്റെ സ്വീപ്പിങ് ഏര്യ 100 ച. മീ. അധികരിച്ച തീയതിയായ 05/09/2016 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിക്കാമോ?

Government of Kerala
(Sri.Pinarayi Vijayan Ministry)
NOTE FOR THE COUNCIL OF MINISTERS

| | | |
|---|---|---|
| 1 | File No. | RD-T1/51/2023-RD |
| 2 | Department | Revenue (T) Department |
| 3 | Subject | Regularisation of the service of Smt. Ayisha K. S., Casual Sweeper, Thomattuchal Village Office in Wayanad District, with effect from 05.09.2016, by creating a post of Part Time Sweeper in the said Village Office and granting consequential benefits to her in accordance with the Order of the Hon'ble Kerala Administrative Tribunal dated 06.12.2022 in O.A (EKM) 1808/2022-reg. |
| 4 | Date of Chief Minister's order for placing before the Council | 24.10.2023 |
| 5 | i) Does the case involve financial commitments/implications<br>ii) If the answer to the above is in the affirmative, whether the Finance Department has been consulted and their remarks incorporated in the Council Note | Yes<br>Yes |
| 6 | Are any other departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council | Yes., Law Department |
| 7 | Name of Deputy Secretary who submitted the Draft Note | Sri. Roychen Thomas |
| 8 | Name of Principal Secretary who approved the Draft Note | Smt. Tinku Biswal |
| 9 | Date of approval of the Draft Note for the Council by the Principal Secretary | 10.11.2023 |
| 10 | Name of Chief Secretary who approved the Draft Note | Dr.Venu V. |
| 11 | Date of approval of the Draft Note for the Council by the Chief Secretary | 15.11.2023 |
| 12 | Name of Minister who approved the Draft Note | Sri. K. Rajan |
| 13 | Date of approval of the Draft Note for the Council by the Minister | 21.11.2023 |
| 14 | Date of submission of fair copies | 21.11.2023 |
| 15 | Date of decision by the council of Ministers | |
| 16 | Number and date of the G.O. / letter communicating the decision. | |

# NOTE FOR THE COUNCIL OF MINISTERS

This note relates to the regularisation of the service of Smt. Ayisha K. S., Casual Sweeper at Thomattuchal Village Office in Wayanad District with effect from 05.09.2016, the date on which sweeping area exceeded $100m^2$, by creating a post of Part Time Sweeper in the said office and granting consequential benefits to her in accordance with the Order of the Hon'ble Kerala Administrative Tribunal dated 06.12.2022 in O.A. (EKM) 1808/2022.

2. Smt. Ayisha K. S. has been working as Casual Sweeper at Thomattuchal Village Office in Wayanad District since 1995. She had not been regularised by creating a post of Part Time Sweeper since the sweeping area of the building, where the said office was functioning was below 100 sq. m. But salary as that of Part Time Sweeper is being paid to her in accordance with the Judgment of the Hon'ble High Court dated 22.10.2003 in WP(C) No. 22759/2003(H). Subsequent to the additional construction works made in the office in 2015, Asst. Engineer, PWD Building Section, Sulthanbatheri, had certified on 05.09.2016 that the sweeping area of the said Village Office is 128.64 sq.m. Hence, Smt. Ayisha K.S. submitted a representation before Government seeking regularisation of her service in the post of Part Time Sweeper. Moreover she had filed OA (EKM) 1808/2022 before the Hon'ble Kerala Administrative Tribunal with same prayer. In the said case, the Hon'ble Tribunal vide its order dated 06.12.2022 directed Government to consider and pass appropriate orders on Annexure A4 representation taking note of Annexure A2 (G.O.(P)No. 501/2005/Fin dated 25/11/2005) and Annexure A3 (G.O.(P)No.61/2010/Fin dated 09.02.2010) Government Orders in accordance with law within a period of three months from the date of

receipt of a copy of the order after affording the applicant an opportunity of personal hearing.

3. Accordingly, the petitioner was heard in person on 29.03.2023 in the presence of the representatives of the District Collector, Wayanad and the Commissioner of Land Revenue. During the time of hearing she has contended that the Casual Sweepers, who are working in offices having sweeping area of more than 100 sq.m. are entitled to regularisation and hence she had submitted a representation for the purpose but no decision has been taken so far and she also reiterated the request made in Annexure A4 representation seeking regularisation of her service in the said office.

4. The Land Revenue Commissioner has reported that even though she has given the salary as that of Part Time Sweeper, no other benefits of a Part Time Sweeper were paid to her and the sweeping area of Thomattuchal Village Office was enhanced to $100m^2$ on 05.09.2016 subsequent to the additional construction works such as a hall, a room and a bathroom made adjacent to the old building. He has also submitted a proposal for the creation of the post of a Part Time Sweeper in the said office along with the Sweeping Area Certificate inorder to regularise the service of the applicant in the said office.

5. The opinion of the Finance Department was sought in the matter of regularising the applicant with effect from 05/09/2016, the date on which sweeping area of Thomattuchal Village Office was enhanced to 100 Sq.m., the said department has given permission to regularise her with effect from the date of order only. Hence, Law Department was consulted in the matter and the said department has opined as follows.

"25.11.2005 ലെ സ.ഉ.(പി)നം.501/2005/ധനം, 09.02.2010 ലെ സ.ഉ.(പി) നം.61/2010/ധനം എന്നീ നമ്പർ സർക്കാർ ഉത്തരവുകളും ബഹു. ഹൈക്കോടതി OP (KAT)No.26/2019, OP(KAT)No.44 of 2021 എന്നീ കേസുകളിലായി പുറപ്പെടുവിച്ചിട്ടുള്ള വിധിന്യായങ്ങളും പരിശോധിക്കുമ്പോൾ ഒരു താൽക്കാലിക ആവശ്യത്തിനായി നിശ്ചിത സമയത്തിലേക്കായി സൃഷ്ടിച്ചിട്ടുള്ളത് ഒഴികെയുള്ള സർക്കാർ ഓഫീസുകളിൽ 25/11/2005 മുതലോ അതിനു മുൻപായോ കാഷ്വൽ സ്വീപ്പറായി സേവനമനുഷ്ഠിച്ചു വരുന്ന ജീവനക്കാർക്ക് പ്രസ്തുത ഓഫിസിലെ സ്വീപ്പിംഗ് ഏര്യ 100 ച.മീ അധികരിച്ച തിയതി മുതൽ പ്രാബല്യത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ക്രമപ്പെടുത്തലിന് അർഹതയുണ്ട് എന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു."

6. In view of the opinion of the Law Department, the Finance Department was again consulted in complying with the order of Hon'ble Tribunal dated 06.12.2022 in OA 1808/2022 and that Department has opined as follows.

"പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് ശ്രീമതി അയിഷ കെ.എസ് ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 1808/2022 നമ്പർ കേസിന്റെ 06.12.2022 ലെ വിധിയിൽ അപേക്ഷക സർക്കാർ മുമ്പാകെ സമർപ്പിച്ച Annexure A4 നിവേദനത്തിന്മേൽ ഉത്തരവ് കിട്ടി മൂന്നു മാസത്തിനകം ടിയാരിയെ നേരിൽ കേട്ട് Annexure A2 (25/11/2005 തിയ്യതിയിലെ സ.ഉ.(പി)നം.501/2005/ധന) & A3 (09/02/2010 തിയ്യതിയിലെ സ.ഉ.(പി)നം.61/2010/ധന) ഉത്തരവുകൾ കൂടി പരിഗണിച്ച് ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കാനാണ് സർക്കാരിന് നിർദ്ദേശം നല്കിയിരിക്കുന്നത്. തോമാട്ടുചാൽ വില്ലേജ് ഓഫീസിന്റെ സ്വീപ്പിങ്ങ് ഏര്യ 100 ച. മീ. കൈവരിച്ച തിയ്യതി മുതൽ ക്രമവത്ക്കരണം നല്കണമെന്ന് കോടതി specific ആയി നിർദ്ദേശം നല്കിയിട്ടില്ല. 10/04/2018 തിയ്യതിയിലെ

സ.ഉ.(പി)നം.58/2018/ധന ഉത്തരവ് അനുസരിച്ച് താല്ക്കാലിക/കാഷ്വൽ സ്വീപ്പറെ സ്ഥിരപ്പെടുത്തുമ്പോൾ പ്രസ്തുത സ്ഥിരപ്പെടുത്തലിന് ഉത്തരവ് തിയ്യതി മുതൽ മാത്രം പ്രാബല്യം നല്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ വസ്തുതകൾ കണക്കിലെടുത്ത് തോമാട്ടുചാൽ വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് 1995 മുതൽ കാഷ്വൽ സ്വീപ്പറായി ജോലിചെയ്തു വരുന്ന ശ്രീമതി അയിഷ കെ.എസ്. നെ ടി തസ്തികയിൽ ഉത്തരവ് തിയ്യതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തണമെന്ന ധനവകുപ്പിന്റെ മുൻ അഭിപ്രായത്തിൽ തന്നെ ഉറച്ച് നിൽക്കുന്നതായി ഭരണ വകുപ്പിനെ അറിയിക്കുന്നു."

7. The Finance Department has accorded sanction to regularise the service of Smt. Ayisha K. S. with effect from the date of the order of regularisation. But in the case OP (KAT) No.26/2019 the Hon'ble High Court has held that G.O.(P)No.501/2005/Fin dated 25/11/2005 and G.O.(P)No.61/2010/Fin dated 09.02.2010 should be interpreted in a manner beneficial to the employee and in the case OP(KAT)No. 44/2021 it was held that regularisation should be given from the date the sweeping area of the office exceeds 100 $m^2$. Moreover, in the light of the aforesaid judgments in many similar cases regularization has been given to the Casual Sweepers with effect from the date on which sweeping area enhanced. Furthermore in compliance to the court orders, the retrospective effect has been allowed in the cases where regularisation has been given to the Casual Sweepers with effect from the date of order. In addition to this, Smt. Ayisha K.S. is receiving salary admissible to the Part Time Sweeper pursuant to the judgment dated 22.10.2003 in WP(C) 22759/2003 (H).

8. In the above circumstances, Smt. Ayisha K.S., Casual Sweeper at Thomattuchal Village Office in Wayanad District has to be regularised with effect from 05.09.2016, the date on which sweeping area enhanced to 100 sq.m., by creating a post of Part Time Sweeper in the said office with

consequential benefits, if any in order to comply with the order of Hon'ble Tribunal dated 06.12.2022 in OA (EKM) No. 1808/2022 overruling the remarks of Finance Department that it is sufficient to regularise the service of the applicant with effect from the date of order only.

9. When circulated, the Hon'ble Chief Minister has ordered to place the matter before the Council of Ministers for consideration.

**Point for decision**

Whether the services of Smt. Ayisha K. S., Casual Sweeper at Thomattuchal Village Office in Wayanad District may be regularised with effect from 05/09/2016, the date on which the sweeping area of the building was enhanced beyond 100 sq. m., by creating a post of Part Time Sweeper in the said office and consequential benefits if any, may be granted to her in accordance with the order of the Hon'ble Kerala Administrative Tribunal dated 06.12.2022 in OA (EKM) No. 1808/2022, overruling the remarks of Finance Department that it is sufficient to regularise the service of the applicant with effect from the date of order only?